**Website: www.kwa.kerala.gov.in**
**Mobile/ Whatsapp: +919495998258**

**Tel. 0471-2738300**
Consumer Helpline Number
**1916 [24X7] [Toll Free]**
1916cckwa@gmail.com

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. KWA-JB/6173/2025-E1 തീയതി: 12-08-2025

**പരിപത്രം**

വിഷയം : കേരള വാട്ടർ അതോറിറ്റി - ദേശീയ ദിനാഘോഷങ്ങൾ - സ്വാതന്ത്ര്യ ദിനം 2025 - മാർഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന : സർക്കുലർ നമ്പർ Pro 5/107/2025-GAD തിയതി 06.08.2025

ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 78 ആമത് വാർഷികം ഏറ്റവും വർണാഭമായ രീതിയിൽ ആഘോഷിക്കുന്നതിനായി സൂചന പ്രകാരം സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾക്ക് വിധേയമായും, 2002 ലെ പതാക നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചും കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 78 ആമത് വാർഷികം ഏറ്റവും വർണാഭമായ രീതിയിൽ ആഘോഷിക്കേണ്ടതാണ്. പരമാവധി ജീവനക്കാരുടെ പങ്കാളിത്തം സ്വാതന്ത്ര്യദിനാഘോഷ പരിപാടികളിൽ ഓഫീസ് മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്.

Jeevan Babu K. IAS
MANAGING DIRECTOR

Signed by
Jeevan Babu K
Date: 12-08-2025 04:46:21

ഉള്ളടക്കം: സർക്കുലർ നമ്പർ Pro 5/107/2025-GAD തിയതി 06.08.2025

പകർപ്പ്
1. എല്ലാ ഓഫീസ് മേധാവികൾക്കും
2. ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പ്**

നം.Pro 5/107/2025-GAD തീയതി: 06-08-2025

**<u>സർക്കുലർ</u>**

വിഷയം:- വിഷയം: ദേശീയ ദിനാഘോഷങ്ങൾ - സ്വാതന്ത്ര്യ ദിനം 2025 - മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്

ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 78-ാം വാർഷികം ഏറ്റവും വർണ്ണാഭമായ രീതിയിൽ നമുക്ക് ആഘോഷിക്കേണ്ടതുണ്ട്.

സംസ്ഥാന സർക്കാർ ഓഫീസുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ / സ്വയംഭരണ സ്ഥാപനങ്ങൾ / സർവ്വകലാശാലകൾ / കോളേജുകൾ / സ്കൂളുകൾ / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ എല്ലാ ഉദ്യോഗസ്ഥരും ജീവനക്കാരും സ്വാതന്ത്ര്യദിന ചടങ്ങുകളിൽ പങ്കെടുക്കേണ്ടതാണ്.

**<u>സംസ്ഥാന തലസ്ഥാനം</u>**

തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ രാവിലെ 9.00 ന് മുഖ്യമന്ത്രി ദേശീയ പതാക ഉയർത്തുകയും, ദേശീയ ഗാനം ആലപിക്കൽ, പോലീസ്, പാരാ മിലിട്ടറി ഫോഴ്സ്, സൈനിക് സ്കൂൾ, അശ്വാരൂഢ പോലീസ്, എൻ.സി.സി, സ്കൗട്സ് & ഗൈഡ്സ് തുടങ്ങിയവയുടെ പരേഡും മുഖ്യമന്ത്രിയുടെ സ്വാതന്ത്ര്യദിന സന്ദേശവും ജീവൻ രക്ഷാ പതക്കങ്ങളുടെയും വിവിധ സേനാവിഭാഗങ്ങൾക്കുള്ള രാഷ്ട്രപതിയുടെ മെഡലുകളുടെ വിതരണവും വിദ്യാർത്ഥികളുടെ ദേശഭക്തി ഗാനാലാപനവും ഉൾപ്പെടുന്നു.

**<u>ജില്ലാ ആസ്ഥാനങ്ങൾ</u>**

സംസ്ഥാന മന്ത്രിസഭയിലെ ഒരംഗം ദേശീയ പതാക ഉയർത്തുകയും, ദേശീയ ഗാനം ആലപിക്കൽ, പോലീസ് ഉദ്യോഗസ്ഥർ, ഹോം ഗാർഡുകൾ, എൻ.സി.സി, സ്കൗട്ട് എന്നിവരുടെ പരേഡും മന്ത്രിയുടെ പ്രസംഗവും ഉൾപ്പെടുന്ന സമാനമായ ചടങ്ങ് രാവിലെ 9.00-നോ അതിന് ശേഷമോ ജില്ലാ തലത്തിൽ നടത്തേണ്ടതാണ്.

**<u>സബ് ഡിവിഷണൽ ലെവൽ</u>**

സബ് ഡിവിഷണൽ മജിസ്ട്രേറ്റ് രാവിലെ 9.00-നോ അതിന് ശേഷമോ ദേശീയ പതാക ഉയർത്തേണ്ടതാണ്. തുടർന്ന് വിശിഷ്ടാതിഥിയുടെ പ്രസംഗം, ദേശീയ ഗാനാലാപനം തുടങ്ങിയവ നടത്തേണ്ടതാണ്.

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ</u>**

രാവിലെ 9.00-നോ അതിന് ശേഷമോ മേയർ/മുനിസിപ്പൽ ചെയർപേഴ്സൺ/പഞ്ചായത്ത് പ്രസിഡന്റ് ദേശീയ പതാക ഉയർത്തേണ്ടതാണ്. തുടർന്ന് വിശിഷ്ടാതിഥിയുടെ പ്രസംഗം, ദേശീയ ഗാനം, ദേശഭക്തി ഗാനങ്ങളുടെ ആലാപനം തുടങ്ങിയവയും സംഘടിപ്പിക്കേണ്ടതാണ്.

**<u>ഓഫീസുകൾ / വിദ്യാലയങ്ങൾ / ആരോഗ്യ സ്ഥാപനങ്ങൾ</u>**

ദേശീയ ഗാനാലാപനത്തോടൊപ്പം സ്ഥാപന മേധാവി രാവിലെ 9.00-ന് ശേഷം ദേശീയ പതാക ഉയർത്തേണ്ടതാണ്. തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രസംഗം, ദേശഭക്തി ഗാനാലാപനം മുതലായവ നടത്തേണ്ടതാണ്. സ്വാതന്ത്ര്യദിനാഘോഷ പരിപാടികളിൽ പരമാവധി ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തം പ്രസ്തുത സ്ഥാപനങ്ങളുടെ മേധാവി ഉറപ്പ് വരുത്തേണ്ടതാണ്.

**<u>പൊതു നിർദ്ദേശങ്ങൾ</u>**

ദേശീയ പതാക ഉയർത്തുമ്പോൾ 2002-ലെ പതാക നിയമത്തിലെ വ്യവസ്ഥകൾ കർശനമായും പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ദേശീയ ഗാനം ആലപിക്കുമ്പോൾ എല്ലാവരും എഴുന്നേറ്റ് നിൽക്കേണ്ടതാണ്. നാഷണൽ സല്യൂട്ട് നൽകുമ്പോൾ യൂണിഫോമിലുള്ള എല്ലാ ഉദ്യോഗസ്ഥരും നിർബന്ധമായും സല്യൂട്ട് നൽകേണ്ടതാണ്. പ്ലാസ്റ്റിക് കൊണ്ട് നിർമ്മിച്ച ദേശീയ പതാകയുടെ നിർമ്മാണം, വിതരണം, വിൽപന, ഉപയോഗം മുതലായവ നിരോധിച്ചിരിക്കുന്നു. ആഘോഷങ്ങളിലുടനീളം ഹരിത പ്രോട്ടോക്കോൾ പാലിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

**കെ ബിജു ഐ എ എസ്**
സെക്രട്ടറി

പകർപ്പ്

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർ / സ്പെഷ്യൽ സെക്രട്ടറിമാർക്കും

അഡീഷണൽ ചീഫ് സെക്രട്ടറി, കേരള രാജ് ഭവൻ സെക്രട്ടറി

സെക്രട്ടറി, കേരള നിയമസഭ

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നിയമ വകുപ്പ് സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ വകുപ്പ് മേധാവികൾക്കും

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക് പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്

രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, കൊച്ചി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം

ധനകാര്യം, നിയമം ഉൾപ്പെടെയുള്ള സെക്രട്ടേറിയറ്റിലെ എല്ലാ സെക്ഷനുകൾക്കും

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മേധാവിമാർക്കും

എല്ലാ യൂണിവേഴ്സിറ്റികളിലെയും രജിസ്ട്രാർമാർക്ക്

ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർക്ക്

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്)

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു)

പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്

കരുതൽ ഫയൽ / ഓഫീസ് ശേഖരം

ഉത്തരവിൻ പ്രകാരം

Signed by
Hari. P. Nair
Date: 06-08-2025 16:16:20

**സെക്ഷൻ ഓഫീസർ**